# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 29.05.2024** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം നാളെ അവസാനിക്കും. വോട്ടെണ്ണൽ ജൂൺ നാലിന്

   **The public campaigning for the seventh phase of Lok Sabha elections will end tomorrow.Counting of votes on June 4.**

2. ഉത്തരേന്ത്യയിൽ വിവിധയിടങ്ങളിൽ ഉഷ്ണതരംഗ സാഹചര്യം തുടരുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി മൻസൂഖ് മാണ്ഡവ്യ

   **Union Health Minister Mansukh Mandavya asked people to be cautious as the heat wave situation continues in various parts of North India.**

3. റെമാൽ ചുഴലിക്കാറ്റിനെ തുടർന്ന് രാജ്യത്തിൻറെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ ശക്തമായ മഴയും മണ്ണിടിച്ചിലും. 33 പേർക്ക് ജീവഹാനി.

   **Heavy rains and landslides in North Eastern states of the country following Cyclone Remal. 33 people lost their lives**

4. കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത . മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രത.

   **Heavy rains continue in Kerala. Orange alert in seven districts from Thiruvananthapuram to Ernakulam. Yellow alert in other districts.**

5. രുദ്ര - എം - II എയർ-ടു-സർഫേസ് മിസൈൽ വിജയകരമായി പരീക്ഷിച്ച് ഇന്ത്യ.

**India successfully test-fired Rudra-M-II air-to-surface missile**

## CAMPAIGNING - ELECTION (INTRO)

ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം നാളെ അവസാനിക്കും. 57 മണ്ഡലങ്ങളിലാണ് ജൂൺ ഒന്നിന് അവസാന ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്.

വിശദാംശങ്ങളിലേക്ക്.......

(**VOICE**)

ഏഴ് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ചണ്ഡീഗഢിലുമായി 904 സ്ഥാനാർത്ഥികളാണ് ഏഴാം ഘട്ടത്തിൽ ജനവിധി തേടുന്നത്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് ഒഡീഷയിൽ തിരഞ്ഞടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. മയൂർബഞ്ച്, ബലാസോർ ലോക്സഭാ മണ്ഡലങ്ങളിലെ റാലികളിലാണ് അദ്ദേഹം പങ്കെടുത്തത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയും തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കാനായി ഒഡീഷയിൽ എത്തി. ബിജെപിക്ക് വോട്ട് ചെയ്യണമെന്ന് ബിജെപി അധ്യക്ഷൻ ജെ പി നദ്ദ ത്സാർഖണ്ഡിൽ പ്രചാരണ പരിപാടിയിൽ പങ്കെടുത്തു പറഞ്ഞു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ലുധിയാനയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. ബിജെപി നേതാവും രാജ്യരക്ഷാ മന്ത്രിയുമായ രാജ്നാഥ് സിങ് ബിഹാറിലെ പൊതു സമ്മേളനങ്ങളിൽ പങ്കെടുത്തു. ആർ ജെ ഡി നേതാവ് ലാലു പ്രസാദ് യാദവ് പാടലിപുത്രയിൽ പ്രചാരണത്തിനിറങ്ങി. ഉത്തർപ്രദേശിലും ഏഴാം ഘട്ടത്തിലേക്കുള്ള വോട്ടെടുപ്പിനുള്ള പരസ്യപ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുകയാണ്. അവസാന ഘട്ട തിരഞ്ഞെടുപ്പിൽ ഉത്തർപ്രദേശ്, പഞ്ചാബ്

എന്നിവിടങ്ങളിൽ 13 വീതവും പശ്ചിമ ബംഗാളിൽ 9 ഉം ബീഹാറിൽ 8 ഉം ഒഡീഷയിൽ ആറും ജാർഖണ്ഡിൽ മൂന്നും, ഹിമാചൽപ്രദേശിൽ നാലും, ചണ്ഡിഗഢിലെ ഒരു ലോക്സഭാ മണ്ഡലത്തിലുമാണ് വോട്ടെടുപ്പ് നടക്കുന്നത്. എല്ലാ ഘട്ടത്തിലേയും വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി..

## REV. EC-VOTERS

ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ആറാം ഘട്ടത്തിൽ പുരുഷ വോട്ടർമാരേക്കാൾ മൂന്ന് ശതമാനം കൂടുതൽ സ്ത്രീകൾ സമ്മതിദാന അവകാശം വിനിയോഗിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. ആറാം ഘട്ടത്തിൽ വോട്ട് ചെയ്തവരുടെ അന്തിമ കണക്കും കമ്മീഷൻ പുറത്തുവിട്ടു. 64.95 ശതമാനം സ്ത്രീകൾ വോട്ട് രേഖപ്പെടുത്തിയപ്പോൾ സമ്മതിദാന അവകാശം വിനിയോഗിച്ച പുരുഷൻമാർ 61.95 ശതമാനമാണ്. 18.67 ശതമാനം ട്രാൻസ് ജെൻഡർമാരും വോട്ട് രേഖപ്പെടുത്തി. പുരുഷൻമാരെക്കാൾ കൂടുതൽ സ്ത്രീകൾ വോട്ട് ചെയ്തത് ബിഹാർ, ഝാർഖണ്ഡ്, ലഡാക്ക്, ഒഡീഷ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ്.

## VICE PREZ- VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ ഉത്തരാഖണ്ഡിൽ ഒരു ദിവസത്തെ സന്ദർശനം നടത്തും. കെയ്ഞ്ചി ധാമിലെ നീം കരോളി ക്ഷേത്രം അദ്ദേഹം സന്ദർശിക്കും. സന്ദർശന വേളയിൽ ഗോവിന്ദ് ബല്ലഭ് പന്ത് കാർഷിക സാങ്കേതിക സർവകലാശാലയിലെ അധ്യാപകരെയും ഉപരാഷ്ട്രപതി അഭിസംബോധന ചെയ്യും.

## PM - KANYAKUMARI

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി നാളെ കന്യാകുമാരി യിലെത്തും. വിവേകാനന്ദപ്പാറയും, സ്വാമി വിവേകാനന്ദൻ ധ്യാന ത്തിലിരുന്ന ധ്യാൻ മണ്ഡപവും സന്ദർശിക്കുന്ന പ്രധാനമന്ത്രി ഇവിടെ ധ്യാനത്തിൽ ഏർപ്പെടും.

## SC - KEJRIWAL

ഡൽഹി മദ്യ അഴിമതി കേസിലെ ഇടക്കാല ജാമ്യം 7 ദിവസം കൂടി നീട്ടണമെന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിൻ്റെ അപേക്ഷ സുപ്രീം കോടതി തള്ളി. ഇതോടെ മുൻ ഉത്തരവ് അനുസരിച്ച് അദ്ദേഹത്തിന് ജൂൺ രണ്ടിന് തന്നെ തിഹാർ ജയിലി ലേക്ക് മടങ്ങേണ്ടിവരും. മെയ് 10ന് ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരാണ് ഡൽഹി മുഖ്യമന്ത്രിക്ക് ഇടക്കാല ജാമ്യം അനുവദിച്ചത്. തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടു ക്കാൻ അരവിന്ദ് കെജ്രിവാളിന് അനുമതി നൽകിക്കൊണ്ട്, കർശന ഉപാധികളോടെയായിരുന്നു ഇടക്കാല ജാമ്യം. പതിവ് ജാമ്യത്തി നായി കെജ്‌രിവാളിന് വിചാരണ കോടതിയെ സമീപിക്കാമെന്നും സുപ്രീം കോടതി വ്യക്തമാക്കി.

## DRDO-RUDRA

രുദ്ര - എം - II എയർ-ടു-സർഫേസ് മിസൈൽ വിജയകരമായി പരീക്ഷിച്ച് ഇന്ത്യ. മിസൈലിന്റെ എല്ലാ പരീക്ഷണ ലക്ഷ്യങ്ങളും കൃത്യ മായി പാലിച്ചാണ് പരീക്ഷണം പൂർത്തിയാക്കിയതെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചതാണ് മിസൈൽ. കേന്ദ്ര പ്രതിരോധ ഗവേഷണ വികസന സംഘടനയുടെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത നിരവധി അത്യാധുനിക

തദ്ദേശീയ സാങ്കേതിക വിദ്യകൾ മിസൈൽ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രുദ്ര - എം മിസൈലിന്റെ പരീക്ഷണം വിജയ കരമാക്കിയതിൽ ഡിആർഡിഒ, വ്യോമസേനാ, എന്നിവരെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു. മിസൈലിന്റെ വിജയകരമായ പരീക്ഷണം സായുധ സേനയുടെ ശക്തിയും ആത്മവിശ്വാസവും ഇരട്ടിയാക്കുമെന്ന് രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

## HEALTH SECY-GENEVA

ലോകാരോഗ്യ സംഘടനയുമായി സഹകരിച്ച് എല്ലാവർക്കും ഉയർന്ന നിലവാരമുള്ള മെഡിക്കൽ ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതിന് ഇന്ത്യ മരുന്ന് വിതരണ ശൃംഘല കൂടുതൽ ശക്തിപ്പെടുത്തുമെന്ന് കേന്ദ്ര ആരോഗ്യ സെക്രട്ടറി അപൂർവ ചന്ദ്ര. ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ സുരക്ഷാ പദ്ധതിയായ പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പ്രകാരം മുന്നൂറ് ദശലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് പ്രതിവർഷം ആറായിരം അമേരിക്കൻ ഡോളറിന്റെ ആരോഗ്യ പരിരക്ഷ നൽകുന്നുണ്ടെന്നും ജനീവയിൽ നടന്ന 77-ാമത് ലോകാരോഗ്യ അസംബ്ലിയുടെ പ്ലീനറി സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

## HEAT WAVE INDIA

രാജ്യത്ത് വിവിധയിടങ്ങളിൽ ഉഷ്ണതരംഗ സാഹചര്യം തുടരുന്നതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി മൻസൂഖ് മാണ്ഡവ്യ. അത്യാവശ്യകാര്യങ്ങൾക്കല്ലാതെ പുറത്തിറങ്ങരുതെന്നും ധാരാളം വെള്ളം കുടിക്കണമെന്നും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. അതേസമയം, രാജ്യ തലസ്ഥാനത്ത് കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ നിർമാണ സ്ഥലത്തെ തൊഴിലാളികൾക്ക് ഉച്ചയ്ക്ക് 12 മുതൽ വൈകിട്ട് 3 മണി വരെ ശമ്പളത്തോടുകൂടിയ അവധി നൽകാൻ ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വികെ സക്സേന ഉത്തരവിട്ടു. കഠിനമായ ചൂടിൽ നിന്ന്

തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ഡൽഹി ചീഫ് സെക്രട്ടറി നരേഷ് കുമാറിന് ലെഫ്റ്റനൻ്റ് ഗവർണർ നിർദ്ദേശം നൽകി.

## DELHI- WATER FINE

നഗരപരിധിയിലെ ജല ദുരുപയോഗം തടയാൻ ഡൽഹി സർക്കാർ 200 സംഘങ്ങളെ പരിശോധനയ്ക്കായി നിയോഗിച്ചു. നാളെ മുതൽ നഗരപ്രദേശങ്ങളിൽ പരിശോധനയുണ്ടാകുമെന്നും ജല ദുരുപയോഗം കണ്ടെത്തിയാൽ 2000 രൂപ വീതം പിഴ ഈടാക്കുമെന്നും മന്ത്രി അതിഷി അറിയിച്ചു. വാട്ടർ ടാങ്കുകൾ നിറഞ്ഞു പോകുന്ന സംഭവങ്ങൾ, വീട്ടാവശ്യത്തിനുള്ള വെള്ളം നിർമാണങ്ങൾക്കും വ്യാവസായികാവശ്യങ്ങൾക്കും ഉപയോഗിക്കുക, അനധികൃത വാട്ടർ കണക്ഷനുകൾ എന്നിവയും നിയമ ലംഘനത്തിന്റെ പരിധിയിൽ വരുമെന്ന് ഡൽഹി സർക്കാർ ഉത്തരവിൽ വ്യക്തമാക്കി.

## NORTHEAST CYCLONE REMAL

റെമാൽ ചുഴലിക്കാറ്റിനെ തുടർന്ന് രാജ്യത്തിൻറെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ ശക്തമായ മഴയും മണ്ണിടിച്ചിലും റിപ്പോർട്ട് ചെയ്തു. ഈ മേഖലയിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിരിക്കുകയാണ്. ചുഴലിക്കാറ്റിനെ തുടർന്ന് കഴിഞ്ഞ 24 മണിക്കൂറിനിടെ 33 പേർക്കാണ് ജീവൻ നഷ്ടമായത്. നഗാവ്, ഹോജായ്, ദിമ ഹസാവോ തുടങ്ങിയ എട്ടു ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചിടാൻ അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ നിർദ്ദേശം നൽകി. ത്രിപുര, മണിപ്പൂർ, മിസോറം തുടങ്ങിയ സംസ്ഥാനങ്ങളിലും തുടർച്ചയായ മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ വലിയ നാശനഷ്ടമാണുണ്ടായിട്ടുള്ളത്. പശ്ചിമ ബംഗാളിലും അടുത്ത അഞ്ചു ദിവസം ശക്തമായ മഴയുണ്ടാകുമെന്ന് കാലാവസ്ഥ വിഭാഗം അറിയിച്ചു. കൊൽക്കത്ത ഉൾപ്പടെ

യുള്ള തെക്കൻ ബംഗാൾ മേഖലയിൽ മഴയ്ക്ക് ശമനമുണ്ടാകുമെന്നും അറിയിച്ചിട്ടുണ്ട്.

## RAIN KERALA

കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത നൽകി. തൃശൂർ, മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള 11 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. അടുത്ത 24 മണിക്കൂറി നുള്ളിൽ കേരളത്തിൽ കാലവർഷം എത്തുമെന്ന് കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി. ജൂൺ രണ്ട് വരെ ശക്തമായ മഴ തുടരു മെന്നാണ് മുന്നറിയിപ്പ്. തെക്കൻ കേരളതീരം, ലക്ഷദ്വീപ് എന്നിവിട ങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും കർശന മുന്നറിയി പ്പുണ്ട്. കേരള, തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ തീര ദേശവാസികൾ ജാഗ്രത പാലിക്കണം.

## CHIEF MINISTER - KERALA

കേരളത്തിൽ പുതിയ പാഠ്യപദ്ധതി പ്രകാരം തയ്യാറാക്കിയ പാഠ പുസ്തകങ്ങളുടെ സംസ്ഥാനതല വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. കൈത്തറി യൂണിഫോമുകളുടെ വിതരണോദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു. 2007-ന് ശേഷം ഇതാദ്യമായാണ് സമഗ്രമായ പാഠ്യ പദ്ധതി പരിഷ്കരണം നടപ്പാ ക്കുന്നത്.

## BOXING

ബാങ്കോക്കിൽ നടക്കുന്ന പാരീസ് ഒളിമ്പിക്സിനുള്ള ബോക്സിംഗ് വേൾഡ് യോഗ്യതാ മത്സരത്തിൽ 66 കിലോഗ്രാം വിഭാഗത്തിൽ ദേശീയ ചാമ്പ്യൻ അരുന്ധതി ചൗധരി പ്രീക്വാർട്ടറിലെത്തി. പ്യൂർട്ടോ റിക്കോയുടെ സ്റ്റെഫാനി പിനീറോയ്ക്കെയെയാണ് പരാജയ പ്പെടുത്തിയത്. 92 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യൻ താരം നരേന്ദർ ബെർവാൾ ശക്തമായ പോരാട്ടം നടത്തിയെങ്കിലും അടുത്ത റൗണ്ടിലേക്ക് കടക്കാൻ സാധിച്ചില്ല.

## HEALTH SECY-GENEVA

ലോകാരോഗ്യ സംഘടനയുമായി സഹകരിച്ച് എല്ലാവർക്കും ഉയർന്ന നിലവാരമുള്ള മെഡിക്കൽ ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതിന് ഇന്ത്യ മരുന്ന് വിതരണ ശൃംഘല കൂടുതൽ ശക്തിപ്പെടുത്തുമെന്ന് കേന്ദ്ര ആരോഗ്യ സെക്രട്ടറി അപൂർവ ചന്ദ്ര. ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ സുരക്ഷാ പദ്ധതിയായ പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പ്രകാരം മുന്നൂറ് ദശലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് പ്രതിവർഷം ആറായിരം അമേരിക്കൻ ഡോളറിൻ്റെ ആരോഗ്യ പരിരക്ഷ നൽകുന്നുണ്ടെന്നും ജനീവയിൽ നടന്ന 77-ാമത് ലോകാരോഗ്യ അസംബ്ലിയുടെ പ്ലീനറി സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

## PAKISTAN- NAWAZ SHARIF

ഇന്ത്യയുമായുണ്ടായിരുന്ന സമാധാനക്കരാർ 1999 ൽ പാകിസ്ഥാൻ ലംഘിച്ചതായി സമ്മതിച്ച് മുൻ പാക് പ്രധാനമന്ത്രി നവാസ് ഷരീഫ്. പാകിസ്ഥാൻ മുസ്ലിം ലീഗ് ജനറൽ കൗൺസിൽ യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം തുറന്ന് പറഞ്ഞത്. അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പെയ് 1999 ഫെബ്രുവരി 21 ന് ലാഹോർ സന്ദർശിച്ച് ഇന്ത്യ-പാക് സമാധാന കരാറായ ലാഹോർ പ്രഖ്യാപനത്തിൽ ഒപ്പുവച്ചിരുന്നു. ഇതിനു

ശേഷം പാകിസ്ഥാൻ സേന കാർഗിലിൽ നുഴഞ്ഞുകയറാൻ ശ്രമിച്ചതാണ് കാർഗിൽ യുദ്ധത്തിലേക്ക് നയിച്ചതെന്നും നവാസ് ഷരീഫ് പറഞ്ഞു.

आकाशवाणी